# പിറവിക്കാലം

## വചന വിചിന്തനം

### ഒന്നാം ഞായർ

മത്താ 2,1-12

> ചോരവീണു കുതിർന്ന മണ്ണിൽ വിശ്വാസം കത്തിജ്വലിച്ചിട്ടുണ്ട്. കാരണം, വിശ്വാസം തളിർക്കാൻ നൽകേണ്ടത് വെള്ളമല്ല. മറിച്ച്, ചങ്കിലെ ചോര തന്നെയാണ്!

*ജ്ഞാനികൾ വന്ന വഴിയെ പോകാതെ പുതിയ വഴിയെ തിരിച്ച് പോകുന്നു... ക്രിസ്തുവിനെ കണ്ടുമുട്ടിയവർക്കാർക്കും വന്ന വഴിയെ തിരിച്ച് പോകാനാകില്ല!*

2015 ജനുവരിയിൽ മൊസൂളിൽ ഇസ്ളാമിക് സ്റ്റേറ്റ്സ് തീവ്രവാദികളുടെ മുമ്പിൽ നിന്നുകൊണ്ട് ആ നാലു ക്രിസ്ത്യന് കുട്ടികൾ ധീരമായി പറഞ്ഞു,

"ഞങ്ങൾ യേശുവിനെ സ്നേഹിക്കുന്നു, ഞങ്ങൾ യേശുവിനെയാണ് അനുഗമിക്കുന്നത്..."

രോക്ഷാകുലരായ തീവ്രവാദികൾ നിമിഷങ്ങൾക്കകം ആ കുരുന്നുകളുടെ തല അറുത്തു. കർത്താവിനുവേണ്ടി വാളിനു മുമ്പിൽ ധീരമായി നിന്ന ആ കുരുന്നുകൾ പറുദീസ സ്വന്തമാക്കി. മദ്ധ്യ ഏഷ്യയിലെ ക്രൈസ്തവ മനുഷ്യാവകാശ പ്രവർത്തകനും ഫൌണ്ടേഷൻ ഫോർ റിലീഫ് ആൻഡ് റിക്കൺസിലേഷൻ എന്ന സന്നദ്ധ സംഘടനയുടെ നേതാവും ഇറാക്കിൽ ബാഗ്ദാദിലെ ആംഗ്ളിക്കൻ പുരോഹിതനുമായ ആൻഡ്രു വൈറ്റ് ഈ ദാരുണ സംഭവം ടെലിവിഷനുവേണ്ടി വിവരിക്കുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ ഈറനണിഞ്ഞിരുന്നു.

ഇസ്ളാമിക് സ്റ്റേറ്റ് തീവ്രവാദികൾ ഇറാക്കിലെ ക്രൈസ്തവരെ വേട്ടയാടിയപ്പോൾ 4 ക്രൈസ്തവ ആൺകുട്ടികളെ സമീപിക്കുകയുണ്ടായി. 4 പേരും 15 വയസ്സിൽത്താഴെ പ്രായമുള്ളവർ! അവരോട് ആയുധധാരികളായ തീവ്രവാദികൾ പറഞ്ഞു, "നിങ്ങൾ ഇസ്ളാം മതം സ്വീകരിക്കുക. മുഹമ്മദ് പ്രവാചകനെ അനുഗമിക്കുക. ഇല്ലാ എങ്കിൽ മരിക്കുവാൻ തയ്യാറാകുക..." നിഷ്ക്കളങ്കരായ ആ നാലു കുരുന്നുകൾ (ഇവരുടെ പേരുകൾ പുറത്തുവിട്ടിട്ടില്ല) മറിച്ചൊന്നും ചിന്തിച്ചില്ല.

വാളുകൾക്കും തോക്കുകൾക്കും മുമ്പിൽ ഇപ്രകാരം പറഞ്ഞു "'ഇല്ലാ, ഞങ്ങൾ യേശുവിനെ സ്നേഹിക്കുന്നു, ഞങ്ങൾ യേശുവിനെ മാത്രമാണ് അനുഗമിക്കുന്നത്, യേശുവിനെ തള്ളുവാൻ സാദ്ധ്യമല്ല." തീവ്രവാദികൾക്ക് കോപം വന്നു. അവർ നാലു കുട്ടികളുടെയും ശിരസ് അറുത്തു.

തലമുറകളിലൂടെ പകർന്ന് കിട്ടിയ വിശ്വാസം, മടിയിലിരുത്തി മാതാപിതാക്കൾ പങ്കു വച്ചുതന്ന വിശ്വാസം, സഭയിലൂടെ അനുഭവിച്ച വിശ്വാസം.... ഈ വിശ്വാസത്തെ മുറുകെ പിടിക്കാനും, ഈ വിശ്വാസത്തിന് വേണ്ടി സ്വജീവൻ തന്നെ ബലിയർപ്പിക്കാനും തയ്യാറായ നാല് പിഞ്ചുബാല്യങ്ങൾ ഓർമ്മപ്പെടുത്തുന്ന ചിത്രം ബെത്ലേഹേമിലെയും സമീപപ്രദേശങ്ങളിലെയും രണ്ട് വയസിന് താഴെയുള്ള കുഞ്ഞുങ്ങൾ ഹേറോദേസിന്റെ കഠാരയ്ക്ക് മുമ്പിൽ നിഷ്കളങ്കമയ പുഞ്ചിരിയോടെ തത്തികളിക്കുന്നതാണ്. അധികാരത്തെ ഉറപ്പിക്കന്നതിന് വേണ്ടി, സ്വന്തം കസേര സംരക്ഷിക്കുന്നതിന് വേണ്ടി ഹേറോദേസ് കുതന്ത്രങ്ങൾ മെനയുമ്പോൾ അദ്ദേഹത്തോട് ചേർന്ന് നിൽക്കാൻ രാഷ്ട്രീയ ചാണക്ക്യനായ് പിലാത്തോസും നാരദനായ് കയ്യഫാസും ഉണ്ട് എന്നത് അൽഭുതം തന്നെ. വചനം സാക്ഷ്യപ്പെടുത്തുന്നു;

"ജ്ഞാനികൾ തന്നെ കബളിപ്പിച്ചെന്നു മനസ്സിലാക്കിയ ഹേറോദേസ് രോഷാകുലനായി. അവരിൽനിന്നു മനസ്സിലാക്കിയ സമയമനുസരിച്ച് അവൻ

ബേത്‌ലെഹെമിലെയും സമീപപ്രദേശങ്ങളിലെയും രണ്ടും അതിൽ താഴെയും വയസ്സുള്ള എല്ലാ ആൺകുട്ടികളെയും ആളയച്ചു വധിച്ചു. ഇങ്ങനെ, ജറെമിയാപ്രവാചകൻ വഴി അരുളിച്ചെയ്യപ്പെട്ടതു പൂർത്തിയായി: റാമായിൽ ഒരുസ്വരം, വലിയ കരച്ചിലും മുറവിളിയും. റാഹേൽ സന്താനങ്ങളെക്കുറിച്ചു കരയുന്നു. അവളെ സാന്ത്വനപ്പെടുത്തുക അസാധ്യം. എന്തെന്നാൽ, അവൾക്കു സന്താനങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു" (മത്താ 2,16 - 18).

റാമായിൽ വലിയ സ്വരം, വലിയ കരച്ചിലും മുറവിളിയുമായ് മാറ്റപ്പെടുന്നു. റാഹേൽ സന്താനങ്ങളെക്കുറിച്ചു കേഴുന്നു... സഭ എന്നത്തേക്കാളേറെ ഇന്ന് "**റാമാ**" അനുഭവത്തിലൂടെ യാത്ര ചെയ്യുന്നു. എന്നിട്ടും, സഭ നിർഭയത്തോടെ നിലനിൽക്കുന്നു. കാരണം, സഭയുടെ ചരിത്രം പഠിപ്പിക്കുന്നത് "രക്തസാക്ഷികളുടെ ചുടുനിണം വീണ മണ്ണിൽ സഭ ശക്തി പ്രാപിക്കുന്നു" എന്നതാണ്. ഇന്ന് ലോകം ഭയത്തോടെ കാണുന്നത് വിശ്വാസത്തിനു വേണ്ടി മരിക്കാൻ അനേകം ക്രിസ്ത്യാനികൾ തയ്യാറാണ് എന്നുള്ളതാണ്. അധികാര വർഗ്ഗം തങ്ങളുടെ അധികാരത്തെ ഉറപ്പിക്കുന്നതിന് എന്തു ഹീനകൃത്യം ചെയ്യാനും തയ്യാറാണ്. അതിൽ പതറിപോകേണ്ടതോ, പകച്ചുപോകേണ്ടതോ അല്ല വിശ്വാസം. ജീവിതത്തിലെ പ്രതിസന്ധികളും പ്രയാസങ്ങളും സഹനങ്ങളുമാണ് വിശ്വാസത്തെ വിവേചിച്ചറിയുന്നതിനുള്ള ഏറ്റവും നല്ല മാധ്യമം. സഹനങ്ങളിൽ സന്തുലിതാവസ്ത വെടിയാതെ ക്രിസ്തുവിന്റെ കുരിശിൽ സഹനങ്ങളെ ചേർത്ത് വയ്ക്കാൻ സന്തോഷത്തോടെ സഹിക്കാൻ സാധിക്കുന്നുണ്ടെങ്കിൽ വിശ്വാസത്തിൽ ഞാൻ സ്ഥിരത പ്രാപിച്ചിട്ടുണ്ട്.

ദൈവാന്വേഷണത്തിന്റെ വഴിയിൽ രാജകൊട്ടാരം ജ്ഞാനികളുടെ മനസ്സിളക്കി! പക്ഷേ, തെറ്റ് തിരുത്തിയപ്പോൾ ജ്ഞാനികൾ ദൈവത്തെ കണ്ടുമുട്ടി!

സിറിയയിലെ ആലെപ്പോയിൽ മതപരിവർത്തനത്തിനു വഴങ്ങിയില്ല എന്നതിന്റെ പേരിൽ ഐഎസ് പന്ത്രണ്ടോളം ക്രൈസ്തവരെ ക്രൂശിലേറ്റിയത് 2015 മാർച്ച് മാസത്തിലാണ്. ഐഎസ് ക്രൂരതകളിലും വിശ്വാസത്തിന് വേണ്ടി ചങ്കിലെ രക്തം ചീന്തുന്ന പുതിയ റിപ്പോർട്ടുകളാണു ദിവസവും വന്നുകൊണ്ടിരിക്കുന്നത്. സിറിയൻ ക്രിസ്ത്യൻ മിനിസ്ട്രി ടീം തലവനും കുടുംബവും അദ്ദേഹത്തിന്റെ 12 വയസുകാരനായ ബാലനുമാണ് കൂട്ടത്തിൽ ഏറ്റവും ക്രൂരപീഡനം നേരിടേണ്ടിവന്നത് . പിതാവിന്റെ മുന്നിൽ വച്ച് ബാലന്റെ കൈവിരലുകൾ അറുത്തുമാറ്റി. മതംമാറിയില്ലെങ്കിൽ ഇതിലും ക്രൂരപീഡനങ്ങൾ നേരിടേണ്ടണ്ടി വരുമെന്ന് തീവ്രവാദികൾ അവരോടു പറഞ്ഞു. എന്നാൽ അവർ വിസമ്മതിച്ചതോടെ എല്ലാവരെയും തലയറത്തു കൊലപ്പെടുത്തുകയായിരുന്നു. തുടർന്ന് ബാലനെയും പിതാവിനെയുമടക്കം മൂന്നുപേരെ ക്രൂശിലേറ്റിയതായും സിറിയയിലെ 'ദ ഗോസ്പൽ ഹെറാൾഡ്' എന്ന പത്രം റിപ്പോർട്ട് ചെയ്തു.

ആലെപ്പോയിലുള്ള ഒരു ഉൾനാടൻ ഗ്രാമത്തിലാണ് ഈ സംഭവം നടന്നത്. കഴിഞ്ഞ മാസം (ഫെബ്രുവരി, 2015) ഗ്രാമം ആക്രമിച്ച തീവ്രവാദികൾ ഗ്രാമവാസികളെ ബന്ദികളാക്കുകയായിരുന്നു. ഇവരോട് ഇസ്ലാം മതത്തിലേക്കു പരിവർത്തനം നടത്താൻ ആവശ്യപ്പെട്ടു. എന്നാൽ ക്രിസ്തുമതം ഉപേക്ഷിക്കാൻ തയാറല്ലെന്ന് അവർ പറഞ്ഞതോടെ ജനക്കൂട്ടത്തിനു മുന്നിൽ വച്ച് ഇവരെ അവിശ്വാസികളെന്നു മുദ്രകുത്തി ക്രൂരപീഡനങ്ങൾക്കിരയാക്കിയ ശേഷം ശിരഛേദം ചെയ്യുകയായിരുന്നു.

ഇതേദിവസംതന്നെ ഗ്രാമത്തിലെ രണ്ടണ്ടു യുവതികളടക്കം മറ്റ് എട്ടു പേരെക്കൂടി തീവ്രവാദികൾ ശിരഛേദം ചെയ്തു. മതപരിവർത്തനം ചെയ്യാൻ മടിച്ച 29ഉം 33ഉം വയസു പ്രായമുള്ള യുവതികളെ പൊതുജനമധ്യത്തിൽ മാനഭംഗത്തിനിരയാക്കിയ ശേഷമാണു കൊലപ്പെടുത്തിയത്. കൊല്ലപ്പെടുന്നതിനു തൊട്ടുമുമ്പ് എട്ടുപേരും ഉറക്കെ പ്രാർഥിച്ചിരുന്നതായി സിറിയ ആസ്ഥാനമായി പ്രവർത്തിക്കുന്ന ക്രിസ്ത്യൻ എയ്ഡ് മിഷൻ റിപ്പോർട്ട് ചെയ്തു.

മതപീഡനത്തെ കുറിച്ച് സിറിയൻ ജീവകാരുണ്യ സംഘടനയായ ബർണബാസ് ഫണ്ടിന്റെ സ്ഥാപകൻ പാട്രിക് സുഖെദോ പറയുന്നത് "ആയിരം വർഷങ്ങൾക്കു മുമ്പ്

ഉണ്ടായിരുന്നതു പോലെയുള്ള ക്രൂരപീഡനങ്ങളാണു ക്രൈസ്തവർക്കെതിരേ ഐ.എസ് അഴിച്ചുവിട്ടിരിക്കുന്നതെന്ന്."

"വിശ്വാസത്തിന് വേണ്ടിയുളള ജീവിക്കുന്ന സാക്ഷികൾ" ഇതാണ് ഇന്ന് തിരുസഭയ്ക്ക് ആവശ്യം. ക്രിസ്തുമസിന് ശേഷമുളള ആദ്യ ഞായർ തിരുകുടുംബ തിരുനാൾ ആഘോഷിക്കുമ്പോൾ തിരുസഭയ്ക്ക് ഓരോ കുടുംബങ്ങളെയും തിരുകുടുംബങ്ങളാക്കി മാറ്റുന്നതിന് വേണ്ടി ഓർമ്മപ്പെടുത്താനുളളതും ഇതു തന്നെയാണ്, "വിശ്വാസത്തിന് സാക്ഷ്യം നൽകുന്ന കുടുംബം."

ചരിത്രത്തിലെ ഏറ്റവും അനുഗ്രഹീതമായ കുടുംബം ഏതാണെന്ന് ചോദിച്ചാൽ ഒറ്റ ഉത്തരമെയൊള്ളു, അത് നീതിമാനായ ജോസഫിന്റെയും ദൈവകൃപയാൻ സമ്പന്നമായ മറിയത്തിന്റെയും ദൈവം തന്നെ മനുഷ്യരൂപം സ്വീകരിച്ച ക്രിസ്തുവിന്റെയും കുടുംബമാണ്. ആ കുടുംബത്തന്റെ അനുഗ്രഹത്തിന്റെ നിക്ഷേപമെന്ന് പറയുന്നത്, നാം നമുക്ക് വേണ്ടി പ്രാർത്ഥിക്കുന്ന നന്മകളെല്ലാം സമൃദ്ധമായി ദൈവം ആ കുടുംബത്തിതന് നൽകി എന്നുളളതാണ്. ആ കുടുംബത്തിന്റെ ചില പ്രത്യേകതകൾ;

1. മറിയത്തെയും ജോസഫിനെയും വിവാഹത്താൽ ഒന്നിപ്പിച്ചത് ദൈവമാണ്. അതുകൊണ്ട് തന്നെ ദൈവവും മനുഷ്യനും ചേർന്ന് രൂപം കൊടുത്ത കുടുംബമാണ് തിരുകുടുംബത്തിന്റേത്.

2. ജോസഫ് നീതിമാൻ, മറിയം ദൈകൃപകൊണ്ട് നിറഞ്ഞവൾ... അതുകൊണ്ട് ദൈവം ആ കുടുംബത്തിൽ മനുഷ്യനായ് പിറക്കുന്നു. ദൈവതുല്ല്യരായ മക്കൾ ജനിക്കാൻ മാതാപിതാക്കൾക്ക് അവശ്യം വേണ്ട നന്മകളാണ് മാതാപിതാക്കളുടെ നീതിബോധവും ജീവിതം ദൈവകൃപകൊണ്ട് നിറയ്ക്കുക എന്നുളളതും.

3. ക്രൈസ്തവ കുടുംബം മുന്ന് പേർ തമ്മിലാണ്; ദൈവവും, പുരുഷ്യനും, സ്ത്രീയും തമ്മിൽ. ഇതിന്റെ മാതൃക നസ്രത്തിലെ കുടുംബത്തിൽ നിന്നാണ് പുതിയ തലമുറയ്ക്ക് ലഭിക്കുന്നത്.

4. ക്രിസ്തു ജനിക്കുന്നത് ശാരീരിക ഇശ്ച്ഛയിൽ നിന്നല്ല. അതുകൊണ്ട് തന്നെ ജോസഫിന്റെയും മറിയത്തിന്റെയും കടമ ദൈവത്തിന്റെ മകനെ വളർത്തുക എന്നുളളതാണ്. ഇതുതന്നെയാണ് ഇന്ന് ഒരോ കുടുംബത്തിന്റെയും ധർമം.

5. ഈശോ ജ്ഞാനത്തിനും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്ന് വരുന്നു. ദൈവകൃപ സമ്പന്നമായ കുടുംബങ്ങളിലും നീതിബോധം വഴി നടത്തുന്ന കുടുംബങ്ങളിലേയും മക്കൾ സ്വന്തമാക്കുന്ന ജീവിതസുകൃതമാണ് ഈശോയോ കുറിച്ചുള്ള ഈ വാക്കുകൾ!

*ഹേറോദേസിന് അറിവിന്റെയും അറിവ് പങ്കുവയ്ക്കുന്നവരുടെയും കുറവുണ്ടായിരുന്നില്ല. കുറവ്, സത്യത്തെ പുൽകാനുള്ള തുറവിയില്ലായ്മ മാത്രമായിരുന്നു!*

***"കർത്താവേ, അങ്ങാണ് എൻെറ രക്ഷാകവചവും എൻെറ മഹത്വവും;***
***എന്നെ ശിരസ്സുയർത്തി നിറുത്തുന്നതും അവിടുന്നുതന്നെ.***
***ഉച്ചത്തിൽ ഞാൻ കർത്താവിനെ വിളിച്ചപേക്ഷിക്കുന്നു;***
***തൻെറ വിശുദ്ധപർവതത്തിൽനിന്ന്അവിടുന്ന് എനിക്ക് ഉത്തരമരുളുന്നു.***
***ഞാൻ ശാന്തമായി കിടന്നുറങ്ങുന്നു, ഉണർന്നെഴുന്നേൽക്കുന്നു;***
***എന്തെന്നാൽ, ഞാൻ കർത്താവിൻെറ കരങ്ങളിലാണ്."***

സുങ്കീ 3,3-6

ഫാ. ജോബി മേനോത്ത് : +91 944 7777 931